# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.15, July 2018   Published by: Phoenix Publishing House, Kerala, India   |   Licence# RNI No.KERMAL/2017/469833/ERN


# ജീവൻ നല്കിത്തന്ന യേശുവിനായി ജീവിക്കുക




പാസ്റ്റർ ബിന്നി ജോൺ


കർത്താവിനുവേണ്ടി ജീവനെ വെടിഞ്ഞ് രക്തസാക്ഷികളായിത്തീർന്ന അനേക മഹത് വ്യക്തികൾ നമുക്ക് മാതൃകയായി, പ്രചോദനമായി മുന്നിലുണ്ട്. എന്നാൽ ദൈവം നമുക്ക് നല്കിത്തരുന്ന മുഴുവനായുസ്സും യേശുവിനായി നിലകൊള്ളുക എന്നത് ശക്തമായ വെല്ലുവിളിയാണ്. മരിക്കുക എന്നതിനേക്കാൾ ജീവിക്കുക എന്നതാണ് വെല്ലുവിളിയായി നിൽക്കുന്നത്. കാരണം മരിക്കുക എന്നത് ഒരു നിമിഷം കൊണ്ട് എല്ലാം ഒടുങ്ങുമ്പോൾ ജീവിക്കുക എന്നത് തുടർന്നുകൊണ്ടേയിരിക്കുന്നതാണ്. വെളിപ്പാട് 2:10-ൽ ഇപ്രകാരം പറയുന്നു 'മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും'.


പൗലോസ് പറയുന്ന ഒരു പ്രയോഗമിങ്ങനെയാണ്, 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു'. ഇവിടെ മറ്റ് ഭാഷാപ്രയോഗങ്ങളിൽ കാണുവാനാകുന്നത് 'ക്രിസ്തുവിന്റെ സ്നേഹം നിയന്ത്രിക്കുന്നു' എന്നാണ്. കർത്തൃസ്നേഹത്താൽ നിയന്ത്രിക്കപ്പെടുന്നവർക്കു മാത്രമേ യേശുവിനായി ജീവിക്കുവാൻ കഴിയുകയുള്ളൂ. തിരുവചനത്തിൽ ദേമാസ്, യൂദ, അനന്യാസ്, സഫീറ ഇവരൊക്കെ യേശുവിന്റെ സ്നേഹത്താൽ നിയന്ത്രിക്കപ്പെടുവാൻ കഴിയാതെ പരാജയപ്പെട്ടുപോയവരാണ്. അവരെ നിയന്ത്രിച്ചത് ലോകവും സമ്പത്തും പ്രതാപവും ഒക്കെയായിരുന്നു. യേശുവിനായി ജീവിക്കുന്നവരെ മറ്റൊന്നിന്നും സ്വാധീനിക്കുവാനാകരുത്.

പൗലോസ് ക്രിസ്തു സ്നേഹത്താൽ നിയന്ത്രിക്കപ്പെട്ടവനായതുകൊണ്ട് ലോകപ്രകാരമുള്ളവർ വലുതെന്ന് കരുതുന്നതെല്ലാം താൻ ചേതമെന്നെണ്ണി ജീവിതത്തെ നയിച്ചു. മാത്രമല്ല, കഷ്ടതയ്ക്കോ പട്ടിണിയ്ക്കോ ആപത്തിനോ വാളിനോ എന്നെ ക്രിസ്തു സ്നേഹത്തിൽ നിന്ന് വേർപ്പെടുത്തുവാനാകില്ലെന്ന് പൗലോസ് പറയുന്നു.

കർത്താവിനുവേണ്ടി നാം ജീവിക്കേണ്ടത് എന്തുകൊണ്ടാണ് ? കേവലം രോഗസൗഖ്യം നല്കിയതുകൊണ്ടോ കടഭാരം മാറ്റിത്തന്നതുകൊണ്ടോ ഭൗതീകമായ മാറ്റങ്ങൾ നല്കിത്തന്നതുകൊണ്ടോ അല്ല. പ്രത്യുത നമുക്കുവേണ്ടി അവൻ മരിച്ചതുകൊണ്ടാണ്. പാപം ചെയ്യാത്തവൻ, പാപമറിയാത്തവൻ മരിച്ചത് നിശ്ചയമായും എനിക്കുവേണ്ടിയാണ് എന്ന ബോധ്യമാണ് യേശുവിനായി ജീവിക്കുവാൻ ഒരു വ്യക്തിക്ക് പ്രചോദനം നല്കുന്നത്.

1 പത്രോസ് 4:2,3 - 'ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിച്ചിരിക്കും കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തിനത്രെ ജീവിക്കേണ്ടതിന് പാപം വിട്ടൊഴിഞ്ഞിരിക്കുന്നു' എന്നു വായിക്കും പ്രകാരം ഇനി ശേഷിക്കുന്ന ജീവകാലം സ്വന്തതാല്പര്യങ്ങൾക്കനുസൃതമായല്ല കർത്താവിന്റെ ഇഷ്ടത്തിനത്രെ ജീവിക്കേണ്ടത് എന്ന ബോധ്യം നമുക്കനിവാര്യമാണ്. 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി' (2 കൊരി.5:17). ക്രിസ്തുവിനെ അറിഞ്ഞനന്തരം ഒരുവൻ പുതിയ സൃഷ്ടി ആയി രൂപാന്തരം പ്രാപിക്കുന്നു. ഇത് ബാഹ്യമായതല്ല; ആന്തരികമായതാണ്. ആന്തരിക രൂപാന്തരം പ്രാപിച്ചവനെ ക്രിസ്തുവിനായി ജീവിക്കുവാനാകുകയുള്ളൂ. മത-രാഷ്ട്രീയ സംഘടനകൾക്കോ വ്യക്തി താല്പര്യങ്ങൾക്കോ വേണ്ടി ജീവിക്കുകയല്ല ഇനി. നമുക്കുവേണ്ടി കാൽവറി ക്രൂശിൽ ജീവൻ തന്ന അരുമനാഥനായി ജീവിക്കാം.

# "ദാലെത്ത് ד"




## സങ്കീർത്തന വിചിന്തനം




നൈനാൻ മാത്യു


മനുഷ്യചരിത്രം പൊടിയിൽ നിന്ന് ആരംഭിച്ച് പൊടിയിൽ അവസാനിക്കുന്നു(ഇയ്യോ.12:7, സങ്കീ.90:3). ഈ തിരുവചന സത്യം ഓർപ്പിച്ചുകൊണ്ടാണ് 'ദാലെത്ത്' എന്ന തലക്കെട്ടിനു കീഴെയുള്ള ധ്യാനഭാഗം ആരംഭിക്കുന്നത്.

'എന്റെ പ്രാണൻ പൊടിയോടു പറ്റിയിരിക്കുന്നു'. 119-ാം സങ്കീർത്തനത്തിന്റെ പൊതുസ്വഭാവത്തിനു അനുസൃതമായി പ്രാർത്ഥന രൂപത്തിലുള്ള അപേക്ഷകൾ ആണ് ഇവിടേയും കാണുന്നത്. സൃഷ്ടിയിലെ ഏറ്റവും നിസ്സാരമായ സൂക്ഷ്മ കണിക സൃഷ്ടാവിന്റെ കരങ്ങളാൽ സ്പർശിക്കപ്പെടുമ്പോൾ സൃഷ്ടിയുടെ മകുടമായി മാറുന്ന മനോഹരമായ കാഴ്ചയാണ് ഉൽപ്പത്തി 2:7-ൽ കാണുന്നതെങ്കിൽ, പണിയപ്പെട്ട മനുഷ്യന്റെ പ്രാണൻ പൊടിയോടു പറ്റിയിരിക്കുന്നു എന്ന സനാതനമായ സത്യത്തിന്റെ ഓർമ്മപ്പെടുത്തലാണ് 119:25 രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തീയ ജീവിതയാത്രയുടെ ഏതെങ്കിലും ഒരു വേളയിൽ നിരാശപ്പെട്ടു പോയിട്ടില്ലാത്ത, വിഷാദിച്ചു പോകാത്ത ആരും തന്നെ ഉണ്ടായിരിക്കില്ല. 25-ാം വാക്യത്തോടൊപ്പം 28-ാം വാക്യംകൂടി ചേർത്തു പഠിച്ചാൽ പൊടിയോടു പറ്റിയിരിക്കുന്ന പ്രാണൻ വിഷാദം കൊണ്ട് ഉരുകുന്നതായി കാണുന്നു. എന്നാൽ ഈ 2 അവസ്ഥകളിൽ നിന്നും തന്നെ ഉദ്ധരിച്ചെടുക്കുവാൻ തിരുവചനത്തിന് കഴിയും എന്ന ഉത്തമ ബോധ്യത്തിൽ നിന്നും പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ് ഈ ഇരു വാക്യങ്ങളുടേയും 2-ാം ഭാഗം.

1. *തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കണമേ!*
2. *നിന്റെ വചനപ്രകാരം എന്നെ നിവർത്തണമേ!*

തിരുവചനത്താൽ ജീവിപ്പിക്കപ്പെടണം എന്നു അതിയായി ആഗ്രഹിക്കുന്ന സങ്കീർത്തനക്കാരൻ തന്റെ വഴികളെ യഹോവയുടെ മുമ്പാകെ വിവരിക്കുന്നു(26). വിവരിക്കുകയെന്നാൽ തുറന്ന ഹൃദയവുമായി, സുതാര്യവും നിഷ്കളങ്കമായ ഹൃദയവുമായി ദൈവമുമ്പാകെ അടുത്തുവരുക എന്നതാണ്. ദൈവമുമ്പാകെ ബോധ്യപ്പെടുത്തുവാൻ ബുദ്ധിമുട്ടുള്ള വഴികൾ ഒന്നും തന്നെ തനിക്കുണ്ടായിരുന്നില്ല. ദൈവം തന്റെ ചട്ടങ്ങളെ നമുക്ക് ഉപദേശിച്ചു തരണമെങ്കിൽ പ്രാർത്ഥനയിൽ ഈ രീതിയിലുള്ള ഒരു ഹൃദയവും സമീപനവും നമുക്കുണ്ടായിരിക്കണം. തന്റെ വഴികളെ ദൈവമുമ്പാകെ അറിയിച്ച സങ്കീർത്തനക്കാരൻ ദൈവീക ചട്ടങ്ങൽക്കനുസൃതമായ ദൈവീക പ്രമാണങ്ങളുടെ വഴി ഗ്രഹിപ്പിക്കണമെയെന്നു പ്രാർത്ഥിക്കുന്നു(27). കാരണം ദൈവം ഗ്രഹിപ്പിച്ചാൽ മാത്രമെ അതിലെ അത്ഭുതങ്ങളെ നമുക്ക് ഗ്രഹിക്കുവാൻ കഴിയൂ.

ഇവിടെ സങ്കീർത്തനക്കാരൻ തിരിച്ചറിയുന്ന 4 വഴികളെ കാണുവാൻ കഴിയുന്നു(29,30).

1. *പ്രമാണങ്ങളുടെ വഴി*
2. *ഭോഷ്കിന്റെ വഴി*
3. *വിശ്വസ്തതയുടെ മാർഗ്ഗം/വഴി*
4. *കല്പനകളുടെ വഴി*

ഭോഷ്കിന്റെ വഴിയോടു അകന്ന സങ്കീർത്തനക്കാരൻ വിശ്വസ്തതയുടെ മാർഗ്ഗം മനപൂർവ്വമായി തിരഞ്ഞെടുത്തിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ തിരിവുകളിലും ഏതൊരു വിഷയത്തോടുള്ള ബന്ധത്തിലും ഈ 2 വഴികൾ നമ്മുടെ മുമ്പാകെ വന്നു നിൽക്കും.


.....ശേഷം 10 -ാം പേജിൽ


## HH കുഞ്ഞാപ്പി & ഇന്നാമ്മ



EDITORIAL

# കൂട്ടായ്മയും സഹകരണവും...



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

ഒറ്റയടിക്ക് കാര്യങ്ങൾ നടക്കണമെന്നും ഒറ്റയ്ക്ക് കാര്യങ്ങൾ നടത്തിക്കണമെന്നും മനുഷ്യൻ ആഗ്രഹിക്കുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ വിജയം എന്നുള്ളത് കൂട്ടായ്മയുടേയും സഹകരണത്തിന്റേയും ഫലമാണ്. വിജയത്തെപ്പറ്റി വെറുതെ സംസാരിച്ചുകൊണ്ട് നടക്കുന്നവരല്ല, വിജയം പ്രാപിക്കുന്നത്. ദൈവത്തോടും മനുഷ്യരോടും ആത്മീകമായി കൂട്ടായ്മയിൽ ബലപ്പെട്ടവരാണ് വിജയം വരിക്കുന്നത്. കൂട്ടായ്മയിൽ വിശുദ്ധന്മാർ ശക്തിപ്പെടുമ്പോൾ ശത്രുവിന്റെ ശക്തി ക്ഷയിക്കുന്നു. ശരിയായ കൂട്ടായ്മയുടെയും സഹകരണത്തിന്റേയും പശ്ചാത്തലമില്ലാതെ ശത്രുവിനോട് ആക്രമണത്തിനു പുറപ്പെടുന്നവർ കഷണങ്ങളായി താഴെ വീഴും എന്നത് വ്യക്തമാണ്. ശത്രുവിന്റെ ആക്രമണത്തെ ചെറുക്കുവാൻ അവർക്ക് കഴിയുകയില്ല.

കൂട്ടായ്മയും സഹകരണവും, ജഡത്തെ സംബന്ധിച്ചു വളരെ വേദനാജനകമായ കാര്യമാണ്. കാരണം അതിന് വളരെയധികം സഹിഷ്ണത ആവശ്യമാണ്. ഇതിന് വളരെയധികം സഹിഷ്ണത ആവശ്യമായതിനാൽ മനുഷ്യൻ മറ്റു എളുപ്പവഴികൾ കണ്ടുപിടിക്കുന്നു. നമ്മുടെ കാര്യത്തിലും അങ്ങനെതന്നെ. നാം ഇവിടെ ആയിരിക്കുന്നിടത്തോളം ലാഘവബുദ്ധിയോടിരിപ്പാൻ ദൈവം അനുവദിക്കുകയില്ല. തികഞ്ഞ വിശ്വസ്തതയോടെ പറയട്ടെ നിത്യതയിലെത്തിച്ചേരുവാൻ, ചെയ്തുതീർക്കുവാനുള്ളതുമായി താരതമ്യം ചെയ്യുമ്പോൾ ഫലത്തിൽ നാം ഒന്നും ചെയ്തിട്ടില്ല എന്നു നമുക്ക് മനസിലാകും. നിത്യതയിലേക്കുള്ള പാത വർദ്ധിച്ചുവരുന്ന കൂട്ടായ്മയുടേയും സഹകരണത്തിന്റേയും പാതയാണ്.

ശത്രുവിന്റെ ശക്തികളെ ഓടിക്കുവാനും അവരുടെ കയ്യിൽനിന്നും പിടിച്ചെടുക്കുവാനും ഉള്ളപ്പോൾ, ലോകം ആകമാനം നമുക്കെതിരായിരിക്കുമ്പോൾ എനിക്കും നിങ്ങൾക്കും അലംഭാവത്തോടിപ്പാൻ അവകാശമില്ല. അതുകൊള്ളാം, പക്ഷെ അത് അസാദ്ധ്യമാണ് എന്ന് പറഞ്ഞ് അടങ്ങിയിരിപ്പാൻ പാടില്ല. നാം അങ്ങനെ ചിന്തിക്കാൻ തുടങ്ങിയാൽ ദുഃഖകരമായ അവസ്ഥയിലേക്ക് നീങ്ങും. ന്യായാധിപന്മാരുടെ ഭരണകാലം, അത്തരത്തിലുള്ള മനോഭാവം ദുരിതവും ബലക്ഷയവും തുടർച്ചയായ പരാജയവും ഉളവാക്കി. ആ നീണ്ട കാലയളവ് മുഴുവൻ ഉയർച്ചയുടേയും താഴ്ചയുടേയും ആയ ഭയാനകാവസ്ഥ ഉണ്ടായി. ന്യായാധിപന്മാരുടേ പുസ്തകം വായിച്ചിട്ട്, യിസ്രായേൽ അടിമത്തത്തിലും പരാജയത്തിലും ആയിരുന്ന കാലയളവ് മനസിലാക്കുക. പരാജയത്തിന്റേയും ദുരിതത്തിന്റേയും നീണ്ടനിര ഉണ്ടായി. എന്തുകൊണ്ട്? എന്താണ് സംഭവിച്ചത്? വിജയം വരിക്കണമെങ്കിൽ നാം എന്തു ചെയ്യണം? ന്യായാധിപന്മാരുടെ പുസ്തകത്തിന്റെ ഒന്നാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് കാണുന്ന കാര്യമാണ് ഏറ്റവും പ്രധാനപ്പെട്ടത് എന്നു ഞാൻ കരുതുന്നു. 'ഞങ്ങളിൽ ആരാകുന്നു കനാന്യരോടു യുദ്ധം ചെയ്‌വാൻ ആദ്യം പുറപ്പെടേണ്ടത് എന്നു യഹോവയോടു ചോദിച്ചു. യെഹൂദാ പുറപ്പെടട്ടെ എന്നു യഹോവ കല്പിച്ചു. യെഹൂദാ തന്റെ സഹോദരനായ ശിമെയോനോടു: എന്റെ അവകാശദേശത്ത് കനാന്യരോട് യുദ്ധം ചെയ്‌വാൻ നീ എന്നോടു കൂടെ പോരേണം. നിന്റെ അവകാശദേശത്ത് നിന്നോടുകൂടെ ഞാനും വരാം എന്നു പറഞ്ഞു. ശിമെയോൻ അവനോടു കൂടെ പോയി. അങ്ങനെ യെഹൂദാ പുറപ്പെട്ടു. യഹോവ കനാന്യരെയും പെരിസ്യരെയും അവരുടെ കയ്യിൽ ഏൽപ്പിച്ചു. അവർ ബേസെക്കിൽ വെച്ച് പതിനായിരം പേരെ സംഹരിച്ചു.

ശരിയായ കാര്യവും ശരിയായ ഫലവും ഈ വേദഭാഗത്ത് കാണാം. എന്തായിരുന്നു ആ വിജയത്തിനു പിന്നിൽ? കൂട്ടായ്മയും സഹകരണവും. യുദ്ധത്തിൽ വിജയത്തിനായി പരസ്പരം സഹായിക്കുന്നതിനും കൈതാങ്ങൽ കൊടുക്കുന്നതിനും പ്രവർത്തിക്കുന്ന സഹോദരസ്നേഹത്തിന്റെ ആത്മാവ് ഇവിടെ കാണാം. ശത്രു നമ്മെ തടഞ്ഞു വയ്ക്കുന്നതും പലതും കൈയ്ക്കലാക്കുന്നതും നമുക്ക് ഐക്യത ഇല്ലാത്തതുകൊണ്ടാണ്. തന്റെ ലക്ഷ്യം നേടുന്നതിന് പിശാച് പ്രയോഗിക്കുന്ന വലിയൊരു തന്ത്രം, ഈ യുദ്ധത്തിൽ ആത്മീക സഹകരണവും കൂട്ടായ്മയും കൊടുക്കാതവണ്ണം സഹോദരങ്ങളെ വ്യക്തികളായി ഭിന്നിപ്പിച്ച്, ചിതറിച്ച്, ശിഥിലീകരിക്കുക എന്നതാണ്. അങ്ങനെയാകുമ്പോൾ അവർ ഒരുമിച്ച് വന്ന് ദൈവകരങ്ങളിലെ ഉപകരണങ്ങളായി ശക്തിയോടെ പോരാടുകയില്ലല്ലോ. ഈ യാഥാർത്ഥ്യത്തിന് അത് അർഹിക്കുന്നതിലധികം പ്രാധാന്യം നൽകേണ്ട. കാരണം വിജയം ദൈവത്തിന്റെ കരങ്ങളിലാണ്. നീ എന്നോടു നിലവിളിക്കുന്നത് എന്ത് ? നിന്റെ വടി ഉയർത്തുക എന്ന് ദൈവം മോശെയോടു പറഞ്ഞു. നമ്മുടെ കയ്യിൽ വിജയത്തിന്റെ വടി ഉണ്ട്, ഉണ്ടായിരിക്കണം. അത് കൂട്ടായ്മയും സഹകരണവുമാണ്. ഇതിലില്ലാതെ നാം ഇന്നു ദൈവത്തോടു നിലവിളിക്കുകയാണ്. കൂട്ടായ്മയിലൂടേയും സഹകരണത്തിലൂടേയും ശത്രുവിന്റെ അധീനതയിൽ കിടക്കുന്ന സ്ഥാനങ്ങളിൽ ദൈവസിംഹാസനത്തിന്റെ അധികാരം പുനഃസ്ഥാപിക്കുന്ന ഉപകരണങ്ങളായി തീരുവാൻ ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ!

ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

**കമ്പനി പരസ്യങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് !!!**

Contact:
**+973 33552886**

## അറിയിപ്പ്

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Prayer Cell**

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്ത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.
-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399
17877171



# നവപെന്തെകോസ്തും ആധുനിക പ്രവണതകളും



ഡോ.സി.വി. വർഗീസ്

പെന്തെകോസ്ത് വിശ്വാസികളോട് സാംശീകരിച്ച് നവീകരണം കണ്ടെത്തുവാനാണ് നവപെന്തെകോസ്തുകാർ ശ്രമിക്കുന്നത്. നവപെന്തെകോസ്തിന്റെ പല ശൈലികളും ദുരുപദേശങ്ങളും വ്യാപിക്കുകയും പല നൂതനപ്രതിഭാസങ്ങൾ സഭകളിലേക്ക് വലിച്ചിഴച്ചു കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ ഈ പ്രവണതകൾ എന്തൊക്കെയാണെന്നും ഇതു സഭകളെ വിഘടിപ്പിക്കുകയും ദുരുപദേശങ്ങൾക്ക് വിഴിയൊരുക്കി വേദപുസ്തക അടിസ്ഥാനങ്ങളെ മറിച്ചു കളയുകയും ചെയ്യുന്നു. അഭിവൃദ്ധിയുടെ സുവിശേഷം(Prosperity Gospel) തുടങ്ങി നിരവധി ദുരുപദേശങ്ങൾ യൗവ്വനക്കാരുടെമേൽ ചുമത്തുകയും ചെയ്യുന്നു. വേദപുസ്തകത്തെ അക്ഷരീകമായി ഭൗതീക വഴികളിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഇവ എന്തെല്ലാം എന്നും എങ്ങനെയാണ് സഭകളെ സ്വാധീനിക്കുന്നതെന്നും ഈ ലേഖനത്തിൽ വ്യക്തമാക്കാൻ ശ്രമിക്കുകയാണ്.

നവപെന്തെകോസ്ത് എന്നാൽ യഥാർത്ഥ പെന്തെകോസ്തും പെന്തെകോസ്തിൽ നിന്ന് പുറത്തുപോയവരും അല്ലെങ്കിൽ നൂതനമായി ഉടലെടുത്തവരും ആണ്. പെന്തെകോസ്തിനെ പുതിയ പ്രതിഭാസങ്ങളോടു കൂടെ അതേ രീതിയിൽ കോപ്പിയടിക്കുന്നവരും ആണ് ഇക്കൂട്ടർ. അപ്പോൾതന്നെ പുതിയ ട്രൻഡ് ആരാധനയിലും മറ്റു പല പ്രവർത്തന രീതികളിലും അവലംബിക്കുന്നു. അത്യാധുനിക ആഡംബര വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കുന്നത് ഇവരുടെ പ്രത്യേകത ആണ്. ഇതിനാൽ വ്യവസ്ഥാപിത പെന്തെകോസ്ത് സഭയോട് എതിർക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. പെന്തെകോസ്തു സഭയെ പഴിചാരി ഇവർ ആധുനിക ആഡംബരങ്ങളിലും ദുരുപദേശങ്ങളും പഠിപ്പിച്ചുകൊണ്ട് ജനങ്ങളെ വഴിതെറ്റിക്കുന്നു. വേദപുസ്തകം പഠിപ്പിക്കുന്നതിൽ Biblical Literalism (ഭൗതീക വ്യാഖ്യാന ശൈലി) തുടരുന്നതാണ് നവപെന്തെകോസ്തിന്റെ മറ്റൊരു വൈകല്യം. Don't worry be happy(വിശുദ്ധചിരി) ഇവരുടെ മറ്റൊരു ദുരുപദേശമാണ്. ഇതിനാൽ നവപെന്തെകോസ്തിന് കഷ്ടത ഇല്ല മറിച്ച് അഭിവൃദ്ധി സുവിശേഷം പ്രചരിപ്പിക്കുന്നു. എന്നാൽ ബൈബിളിൽ 1 പത്രോസ് 1:6 –ൽ പറയുന്നു അതിൽ നിങ്ങൾ ഇപ്പോൾ അൽപ്പനേരത്തേക്ക് നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടി വന്നാലും ആനന്ദിക്കുന്നു. വേദപുസ്തകത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതിൽ ഒന്നാമതാണ് നവപെന്തെകോസ്തുകാർ.

Positive and psychological thinking ലൂടെ നവപെന്തെകോസ്തുകാർ ഒരു മനശാസ്ത്ര ലവലിലേക്ക് അനുവാചകരെ കൊണ്ടെത്തിക്കുകയും വൈകാരിക തലത്തിൽ അവരെ ചൂഷണം ചെയ്യുന്നു. ഈ പ്രതിഭാസം ഒക്കെ കേരളത്തിൽ പ്രത്യേകാൽ മദ്ധ്യതിരുവിതാം കൂറിൽ പ്രചരിച്ചുകൊണ്ടേയിരിക്കുന്നു. ഇതിൽ ഒരുത്തനെ സ്വീകരിക്കുകയും ദരിദ്രനെ തള്ളിക്കളയുകയും ചെയ്യുന്ന സ്വാർത്ഥ ചിന്താഗതി ഇവരുടെ മറ്റൊരു പ്രത്യേകത ആണ്. ഇവരിൽ അതിപ്രധാനമായ ദുരുപദേശങ്ങളിൽഒന്നാണ് Prosperity Gospel(അഭിവൃദ്ധിയുടെ സുവിശേഷം) ഇതിൽ ആരാധനയെ മാറ്റിമറിക്കുകയും TV Model അനുകരിക്കുന്നതും പൊതുവെ കണ്ടുവരുന്നു. Push factors ആരാധനയിലെ അസംതൃപ്തിയും മുതലെടുത്ത് ഞങ്ങൾ Care factors ആണെന്ന് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു. കുർബാന ക്രമങ്ങളിലൂടെ ആരാധനയെ ഇവർ എതിർക്കുമ്പോൾ തന്നെ വിശുദ്ധചിരി, സർപ്പത്തെ പിടിക്കൽ അങ്ങനെ പുതിയ തലമുറയെ നൂതന പ്രതിഭാസത്തിലേക്ക് കൊണ്ടുപോകുന്നു.

കേരളപെന്തെകോസ്ത് സ്ഥാപന വൽക്കരിക്കപ്പെട്ടതുകൊണ്ടാണ് നവപെന്തെകോസ്ത് ഇതിനെതിരെ പ്രതികരിക്കാൻ തുടങ്ങിയത്. നാലും അഞ്ചും തലമുറയാണ് ഇങ്ങനെയുള്ള പ്രതിഭാസങ്ങലിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്നത്. ഇവർ ദാരിദ്രത്തേയും അഭിവൃദ്ധിയേയും തരംതിരിച്ച് അഭിവൃദ്ധിയെ വാനോളം പുകഴ്ത്തുകയും ദരിദ്രരെ അപമാനിക്കുകയും ചെയ്യുന്നു. അങ്ങനെ ക്രിസ്തീയ മൂല്യങ്ങളെ ഉന്മൂലനം ചെയ്യുന്നു. നൂതന പ്രതിഭാസം കപടഭക്തിക്കാരെപ്പോലെ വളരുവാൻ ന്യൂപെന്തെകോസ്ത് ഇതിന് അവസരം നൽകുന്നു. സദൂക്യരെയും പരീശന്മാരേയും പിന്തുടരുന്ന ഒരു ശൈലിയാണ് നവപെന്തെകോസ്തുകാർക്കുള്ളത്. മറ്റൊന്ന് പ്രത്യക്ഷമായും പരോക്ഷമായും രാഷ്ട്രീയവൽക്കരണം, വ്യവസ്ഥാപിത പെന്തെകോസ്തുകാരെപ്പോലെ തന്നെ ഇവർക്കും അടിസ്ഥാനവേദിയാണ്. കുടുംബട്രസ്റ്റുകളും അതിലൂടെ സാമ്പത്തിക സംരക്ഷണവും ഏകാധിപത്യവും ഇവരിൽ മുൻപുതന്നെ ഉടലെടുത്തിരുന്നു.

വേദപുസ്തകം ഒരിക്കലും അനശാസിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത ഈ നൂതന പ്രതിഭാസങ്ങൾ വിട്ടൊഴിഞ്ഞാലെ നവപെന്തെകോസ്തുകാർക്ക് വേദപുസ്തക സത്യങ്ങളിലേക്ക് മടങ്ങിവരാൻ കഴികയുള്ളൂ. ഇത് അഭിവൃദ്ധിയുടെ പ്രത്യേക സുവിശേഷം അല്ല മറിച്ച് ഭൗതീക വാദത്തിന്റെ പ്രചാരകൻ അത്രേ.

ക്രിസ്തീയ ഉപദേശങ്ങൾ, ത്യാഗത്തിന്റെ ഉപദേശമാണ്. ലൂക്കോസ് 9:58–ൽ പറയുന്നു കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവജാതികൾക്ക് കൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായിക്കുവാൻ സ്ഥലമില്ല. തലചായിക്കാൻ ഇടമില്ലാതിരുന്ന യേശുവിന്റെ ശിഷ്യഗണത്തിന് എങ്ങനെയാണ് അഭിവൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുവാൻ കഴിയുക. മറിച്ച് ഉണ്ണുവാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതിയെന്ന ദൈവവചനം എങ്ങനെ ഇവർക്ക് പ്രായോഗികമാക്കാൻ കഴിയും.

ഈ ലേഖനത്തിൽ നിന്ന് നമ്മൾ മനസിലാക്കുന്നത് പണവും ഭൗതീക വാദവും ആണ് ഇതിന്റെ പിന്നിൽ പ്രധാനമായും പ്രവർത്തിക്കുന്ന ഘടകം. ക്രിസ്തീയ ജീവിതം ശിഷ്യത്വജീവതമാണ്. അത് ഒരു ത്യാഗത്തിന്റെ ജീവിതമാണ്. ഭൗതീകതയെക്കാൾ യേശു പ്രാധാന്യം നൽകുന്നത് ആത്മാക്കൾക്കാണ്. ഒരു മനുഷ്യന്റെ വില മുഴുലോകത്തേക്കാളും വിലയേറിയതാണ്. നവപെന്തെകോസ്ത് പ്രതിഭാസങ്ങൾ ദുരുപേദേശം പഠിപ്പിക്കുന്നതിൽ നിന്ന പിന്മാറി പേദപുസ്കത ഉപദേശത്തിലേക്ക് മടങ്ങിവന്ന് അവർ പ്രസിദ്ധമാക്കുന്ന ഈ ഭൗതീകശാസ്ത്രത്തെ തൃണവൽക്കരിച്ച് സത്യ ഉപദേശത്തെ പിൻഗമിക്കുവാൻ ഈ ലേഖനം മുഖാന്തരം ദൈവം സഹായിക്കട്ടെ.

# ചുമതലയേറ്റു





**ഐപിസി കല്പറ്റ സെന്റർ പാസ്റ്ററായി തോമസ്സ് ചാക്കോ (പാസ്റ്റർ റെജു)ചുമതലയേറ്റു**

സുൽത്താൻ ബത്തേരി കമ്മ്യൂണിറ്റി ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ ഐപിസി കേരളാ സ്റ്റേറ്റ് എക്സിക്യൂട്ടിവുമാരായ പാസ്റ്റർ കെ.സി.തോമസ്, പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർ സി.സി എബ്രഹാം എന്നിവർ ചേർന്നാണ് സ്ഥാനമേല്പിച്ചത്. 2004 മുതൽ വയനാടിൽ പ്രവർത്തിച്ചു് പല സഭകൾ സ്ഥാപിച്ച കർത്തൃദാസൻ ബഹറിൻ ഇമ്മാനുവൽ ഐപിസിയുടെ സീനിയർ പാസ്റ്റർ കൂടിയാണ്.




പ്രായം വെച്ചു നോക്കുകയാണെങ്കിൽ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്നവരാണ് പക്ഷേ ബൈബിളിന്റെ ആദ്യപാഠങ്ങൾ പോലും ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. പാല്കുടി മാറ്റി കട്ടിയായുള്ള ആഹാരം കഴിച്ചു ബലപ്പെട്ടു യഥാർത്ഥ നന്മയും തിന്മയും തിരിച്ചറിയുവാൻ കഴിയേണ്ടുന്ന സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

# അന്ധകാര പാതാളം (TARTARUS)

തിരശ്ശീല ക്കപ്പുറം... 6

ഇതിനെ അന്ധകാര കൂപം, അന്ധകാര നഗരം, ഇരുട്ടിടം എന്നൊക്കെ വിശേഷിപ്പിക്കാം. പ്രകാശരഹിതമായ പാതാളത്തിലെ ജയിലറയാണ് അന്ധകാര പാതാളം. വേദപുസ്തകത്തിൽ രണ്ടിടങ്ങളിൽ ഇതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസിന്റെ ചങ്ങലിയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏൽപ്പിക്കയും (2 പത്രോസ് 2:4), 'തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ ന്യായവിധിക്കായി എന്നേയ്ക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൽ സൂക്ഷിച്ചിരിക്കുന്നു' (യൂദ.6).


മുകളിലെ വാക്യങ്ങളിൽ നിന്നും ഇത് പാപം ചെയ്ത ദൂതന്മാർക്ക് അഥവ തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാർക്ക് അർത്ഥാൽ വീണുപോയ ദൂതന്മാർക്കുവേണ്ടി മാത്രമുള്ള ഇടമാണിതെന്ന് മനസ്സിലാക്കാം.

അവരുടെ സംഖ്യയെക്കുറിച്ചോ ചെയ്ത പാപത്തെക്കുറിച്ചോ, വ്യക്തമായ സൂചന വേദപുസ്തകം നൽകുന്നില്ല. എന്നാൽ യെശ.14:13,14 വാക്യങ്ങളിൽ നിന്നും മത്സരിയായ ലൂസിഫറിനോട് ചേർന്ന് ദൈവത്തിന് വിരോധമായ് കൂട്ടുകെട്ടുണ്ടാക്കി പാപത്തിന് കീഴിലായി തീർന്ന ഒരു കൂട്ടം ദൂതന്മാരാണിവർ എന്ന് മനസ്സിലാക്കാം. അങ്ങനെയുള്ളവരെ ഭൂമിയിൽ ഊടാടി നടക്കാൻ അനുവദിക്കാതെ പാപംചെയ്ത ഉടനെതന്നെ ന്യായം വിധിക്കാനായി സൂക്ഷിച്ചു. അങ്ങനെ ന്യായവിധിക്കായ് വീണുപോയ ദൂതന്മാരെ സൂക്ഷിച്ചിരിക്കുന്ന ഇടമാണ് അന്ധകാര പാതാളം.

എന്നാൽ വീണുപോയ ദൂതന്മാരെ മുഴുവനായി അന്ധകാര പാതാളത്തിൽ അന്ധതമസ്സിന്റെ ചങ്ങലയിട്ട് സൂക്ഷിച്ചിട്ടില്ല എന്നു നാം മനസ്സിലാക്കണം. വെളി.12:4-ൽ 'മഹാസർപ്പം നക്ഷത്രങ്ങളിൽ മൂന്നിൽ ഒന്നിനെ വലിച്ചുക്കൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു' എന്ന് പറഞ്ഞിരിക്കുന്നതിൽ നിന്നും ആകെയുള്ള ദൂതന്മാരിൽ മൂന്നിൽ ഒന്ന് വീണുപോയി എന്നാണ് പൊതു അനുമാനം. ഇവരിൽ പ്രധാനിയായ ലൂസിഫറിനെയും അവന്റെ ചില അനുയായികളെയും സ്വതന്ത്രമായ് വിഹരിക്കാനായ് ഇന്നും ഭൂമിയിൽ വിട്ടിട്ടുണ്ട്. എന്നാൽ ആ ഗണത്തിൽ പെടാത്ത വീണുപോയ ദൂതന്മാരെല്ലാവരും അന്ധകാര പാതാളത്തിലുണ്ടുതാനും.

ഇവിടെ ആയിരിക്കുന്ന ദൂതന്മാർ എന്നുവരെ അവിടെ ആയിരിക്കും എന്ന ചോദിച്ചാൽ അന്തിമ ന്യായാസനമായ വെള്ളസിംഹാസനം വരെയെന്ന് ഉത്തരം പറയാം. വെള്ളസിംഹാസനത്തിന്റെ മുമ്പിൽ വീണുപോയ ദൂതന്മാരെയും ദൈവം ന്യായം വിധിക്കും. ആയതിനുശേഷം നിത്യമായ് നരകത്തിലേക്ക് ശിക്ഷിച്ച് തള്ളുകയും ചെയ്യും.

ആകയാൽ ദുഷ്ടന്മാർ ന്യായവിധിക്കായ് കാത്ത് കിടക്കുന്നതുപോലെ വീണുപോയ ദൂതന്മാരും ന്യായവിധിക്കായ് കാത്ത് കിടക്കുകയാണ്. പാപം ആരിൽ കണ്ടാലും ദൈവം ശി



ജിജോ അങ്കമാലി

ക്ഷിക്കാതെ വിടുകയില്ല എന്ന ഭയാനകമായ മുന്നറിയിപ്പാണ് വീണുപോയ ദൂതന്മാർ നല്കിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം, വീണുപോയ ദൂതന്മാർക്ക് രക്ഷാപദ്ധതി ഒരുക്കാതെ, ആദരിക്കാതെ ദൈവം പാപം ചെയ്ത നമ്മെ ആദരിച്ചു എന്നതും രക്ഷാപദ്ധതി ഒരുക്കി എന്നതും നമ്മെ അത്ഭുതപ്പെടുത്തുന്നതും ദൈവത്തെ ആരാധിപ്പാനും, സേവിപ്പാനും പ്രേരിപ്പിക്കുന്നതുമാണ്.

*(അഗാധകൂപത്തെക്കുറിച്ച് അടുത്ത ലക്കത്തിൽ)*




## PROMISE & COMMAND OF THE MONTH

**PROMISE**

*2 കൊരിന്ത്യർ 8:12*
***ഒരുത്തന്നു മനസ്സൊരുക്കം ഉണ്ടെങ്കിൽ പ്രാപ്തിയില്ലാത്തതുപോലെയല്ല പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ അവന്നു ദൈവപ്രസാദം ലഭിക്കും.***

**COMMAND**


*ഗലാത്യർ 5:25*
***ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്ക.***




## മലയാള ക്രൈസ്തവ ഗാനങ്ങളുടെ മഹാശേഖരം

സൗജന്യ മലയാളം ക്രൈസ്തവ റിസോഴ്സ് വെബ് സൈറ്റ് GodsOwnLanguage.com ക്രൈസ്തവ കൈരളിക്കായി അണിയിച്ചൊരുക്കിയ മലയാളം ക്രിസ്തീയ ഗാനാവലി വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചു.

ക്രൈസ്തവ കൈരളി പാടി ആരാധിച്ചതായ പഴയതും, പുതിയതുമായ ആയിരത്തിൽ പരം ഗാനങ്ങളുടെ വരികൾ ഇപ്പോൾ ലഭ്യമാണ്. കൂടാതെ വിവിധ പാട്ട്പുസ്തകങ്ങൾ, ഗാനരചയിതാക്കളുടെ ജീവചരിത്രം, ഗാനങ്ങൾ രചിക്കാൻ ഇടയായ സന്ദർഭം എന്നിവയും ലഭ്യമാണ്. ഈ സേവനം തികച്ചും സൗജന്യമാണ്.



# ഈസ്റ്റർ വചനാനുസരണമോ?

*13-ാം ലക്കത്തിൽ നിന്നും തുടർച്ച*



Rev. Georgy Mathew Alexios

വസന്തകാലത്തിന്റെ ദേവതയായ എസ്ത്രെയുടെ സ്മരണാർത്ഥം ആഘോഷിക്കുന്ന ഉത്സവമാണ് ഈസ്റ്റർ. രാവും പകലും തുല്യ ദൈർഘ്യമുള്ള മാർച്ച് 21-ാം തീയതിയായിരുന്നു പുരാതനകാലങ്ങളിൽ ഈസ്റ്റർ ആഘോഷിച്ചിരുന്നത്.

പുരാതന ബാബിലോണ്യർ വിശ്വസിച്ചിരുന്ന ഒരു ഐതിഹ്യമുണ്ട്. സ്വർഗ്ഗത്തിൽ നിന്നും വീണ ഒരു മുട്ട യൂഫ്രട്ടീസ് നദിയിൽ വീഴുവാനിടയായി. ആ മുട്ടയിൽ നിന്നും വിരിഞ്ഞു പുറത്തുവന്നതാണ് 'അസ്താർതെ' രാജ്ഞി (ഇഷ്ടാർ/സെമിരാമിസ്). ഈജിപ്റ്റുകാർ മുട്ടയെ സൂര്യന്റെ പ്രതീകമായിട്ടാണ് കാണുന്നത്. ഒരു ജർമ്മൻ ഐതിഹ്യമനുസരിച്ച്, കൊടുംകാട്ടിൽ മുറിവേറ്റു കിടന്നിരുന്ന ഒരു പക്ഷിയെ ഒസ്താരദേവത സൗഖ്യമാക്കുകയും അതിനെ ഒരു മുയലാക്കി മാറ്റുകയും ചെയ്തു. എന്നാൽ ആ പക്ഷിയെ പൂർണ്ണമായും മുയലാക്കുന്നതിൽ ദേവത വിജയിച്ചില്ല. ആ ജീവി ഭാഗികമായി പക്ഷിയും ഭാഗികമായി മുയലുമെന്ന അവസ്ഥയിലായിരുന്നു. തന്റെ മുറിവുകളെ സൗഖ്യമാക്കിയ ദേവതക്ക് സമ്മാനമായി നൽകാൻ ആ ജീവി മുട്ടകളിട്ടു. പുരാതന ഈജിപ്തിലും പേർഷ്യയിലും ഫലഭൂയിഷ്ഠതയുടേയും നവീകരിക്കപ്പെട്ട ജീവിതത്തിന്റേയും പ്രതീകമായിട്ടാണ് മുട്ടയെ കണ്ടിരുന്നത്. ഈ രാജ്യങ്ങളിൽ വസന്തകാല ഉത്സവങ്ങളുടെ കാലത്ത് മുട്ടയുടെ തോടിൽ ചായം പൂശുന്നതും അവ സംരക്ഷിക്കുന്നതും ഒരു ആചാരമായി രൂപം പ്രാപിച്ചു.

ലോകമെമ്പാടും പാർക്കുന്ന ക്രൈസ്തവ വിഭാഗങ്ങളിൽ ബഹുഭൂരിപക്ഷവും കെങ്കേമമായി കൊണ്ടാടാറുള്ള ഈസ്റ്ററിന്റെ അവിഭാജ്യ ചടങ്ങുകളുടേയും ആചാരങ്ങളുടേയും വേരുകളെത്തി നിൽക്കുന്നത് സബസ്രാബ്ദങ്ങൾക്കു മുമ്പ് നിമ്രോദിന്റെ മാതാവും പിന്നീട് നിമ്രോദിന്റെ ഭാര്യയുമായിത്തീർന്ന സെമിരാമിസ് തുടങ്ങിവെച്ച അനാചാരങ്ങളിലാണ്. ക്രൈസ്തവ വിശ്വാസികളിൽ ഒരു വലിയ വിഭാഗം ഈസ്റ്റർ ആഘോഷങ്ങളോടു അനുബന്ധിച്ച് നടത്തുന്ന ചടങ്ങുകൾക്കും ആചാരങ്ങൾക്കും ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളുമായി ഒരു ബന്ധവുമില്ല. വിഗ്രഹാരാധന അലങ്കാരമാക്കി മാറ്റിയ പേഗൻ മതത്തിൽ ഒരു കാലത്ത് നിലവിലിരുന്ന അനാചാരങ്ങളിൽ ചിലതിനെ ക്രൈസ്തവരിൽ ഒരു വിഭാഗം ആവർത്തിക്കുകയാണിവിടെ.

## ഈസ്റ്ററൊരു തിന്മയൊ ?

ഈസ്റ്ററിനേപ്പറ്റി വിശുദ്ധ ബൈബിൾ എന്തു പറയുന്നു എന്നു നോക്കാം. തിരുവചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു -

'എന്നാൽ യിസ്രായേൽ മക്കൾ യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു ബാൽ വിഗ്രഹങ്ങളെ സേവിച്ചു...അവർ യഹോവയെ ഉപേക്ഷിച്ച് ബാലിനെയും അസ്തോരെത്ത് (ഈസ്റ്റർ) പ്രതിഷ്ഠകളെയും സേവിച്ചു'(ന്യായാ.21:11-13). ഗുരുതരമായ ഈ പാപം ചെയ്തതിന്റെ ഫലമായി യിസ്രായേൽ ജനം അടിമകളായി ജാതികളെ സേവിക്കുവാനിടയായി. അവരുടെ ദുശാഠ്യത്തിൽ കോപം ജ്വലിച്ച യഹോവയായ ദൈവം, തന്നെ ഉപേക്ഷിച്ച് ബാലിനെയും അസ്തോരെത്ത് പ്രതിഷ്ഠകളെ നമസ്കരിച്ച അവരുടെ പ്രവൃത്തിയെ തിന്മയായി കണ്ടു. എന്നാൽ പ്രവാചകനായ ശമുവേലിന്റെ കാലത്ത്, അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ഹൃദയം കൊണ്ട് ഏറ്റെടുത്ത ജനം ബാൽ വിഗ്രഹങ്ങളേയും അസ്തോരെത്ത് പ്രതിഷ്ഠകളേയും ഉപേക്ഷിച്ച് സത്യാരാധനയിലേക്ക് മടങ്ങിവന്നു.

'അപ്പോൾ ശമുവേൽ എല്ലാ യിസ്രായേൽ ഗൃഹത്തോടും: നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ യഹോവയിങ്കലേക്ക് തിരിയുന്നു എങ്കിൽ അന്യദൈവങ്ങളേയും അസ്തോരെത്ത് പ്രതിഷ്ഠകളേയും നിങ്ങളുടെ ഇടയിൽ നിന്നു നീക്കികളഞ്ഞു നിങ്ങളുടെ ഹൃദയങ്ങളെ യഹോവയിങ്കലേക്ക് തിരികയും അവനെ മാത്രം സേവിക്കയും ചെയ്‌വിൻ;...അങ്ങനെ യിസ്രായേൽ മക്കൾ ബാൽ വിഗ്രഹങ്ങളേയും അസ്തോരെത്ത് പ്രതിഷ്ഠകളേയും നീക്കികളഞ്ഞ് യഹോവയെ മാത്രം സേവിച്ചു' (1 ശമു.7:3,4). മരുഭൂമിയിൽ പട്ടുപോയ യിസ്രായേൽ ജനത്തിനു നേരെ വിരൽ ചൂണ്ടുന്ന പൗലോസ് അപ്പൊസ്തലൻ, 1 കോരിന്ത്യർ 10-ാം അദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ പുതിയ നിയമ വിശ്വാസികളെ ബുദ്ധിയുപദേശിക്കുന്നു. ദൈവത്തിന്റെ അലംഘനീയമായ കല്പന ലംഘിച്ചു വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞ യിസ്രയേല്യരുടെ അപചയങ്ങൾ ഒരു ദൃഷ്ടാന്തമായിട്ടാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവരേപ്പോലെ നാമും വിഗ്രഹാരാധനയിലും പരസംഗത്തിലും വീണുപോയാൽ അവർ കടന്നുപോയ താഴ്ചകളിലൂടെ നാമും കടന്നുപോകാൻ ഇടായാകുമെന്ന പാഠം നാം ഉൾക്കൊള്ളുക എന്നതാണ് ഇതിന്റെ പിമ്പിലുള്ള ലക്ഷ്യം.

ഈസ്റ്ററിനോടു അനുബന്ധിച്ച് നടക്കുന്ന ആരാധനയക്കും ആഘോഷങ്ങൾക്കുമൊക്കെ ബാലിന്റേയും സൂര്യദേവന്റേയും ആരാധനകളുമായി അഭേദ്യമായ ബന്ധമുണ്ട്. അതുകൊണ്ടു തന്നെ അവയെ യഹോവയായ ദൈവം തിന്മയായി കണക്കാക്കുന്നു.

പൗലോസ് അപ്പൊസ്തലന്റെ വാക്കുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.-

'നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന് പഴയ പുളിമാവിനെ നീക്കിക്കളവിൻ. നമ്മുടെ പെസഹ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ. ആകയാൽ...സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മ കൊണ്ടുതന്നേ ഉത്സവം ആചരിക്ക' (1 കോരി.5:7,8). പഴയനിയമ കാലത്ത് എല്ലാ വർഷവും പെസഹായുടെ രാത്രയിൽ അറുക്കപ്പെട്ടിരുന്ന കുഞ്ഞാട് ഒരു വലിയ മർമ്മത്തിന്റെ നിഴലായിരുന്നുവെങ്കിൽ ആ നിഴലിനെ നീക്കം ചെയ്ത പൊരുളായിരുന്നു കാൽവറിയിൽ മനുഷ്യവർഗ്ഗത്തിനുവേണ്ടി സ്വന്ത ജീവനെ ബലിയായി നൽകിയ ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തു ( യോഹ.1:29; അപ്പൊ.പ്രവൃ.8:32; 1പത്രോ.1:19; വെളി.5:6).

യേശുക്രിസ്തുവിന്റെ ശരീരത്തിന്റേയും രക്തത്തിന്റേയും പ്രതീകമായി പുതിയ നിയമത്തിൽ അപ്പത്തിനേയും വീഞ്ഞിനേയും അവതരിപ്പിച്ചിരിക്കുന്നതിനു പിമ്പിൽ ഒരു ലക്ഷ്യമാണുള്ളത്. ക്രൂശിൽ തന്റെ ജീവനെ ബലിയായി അർപ്പിച്ച പുത്രനായ ദൈവത്തിന്റെ ത്യാഗത്തെ ദൈവജനം അനുസ്മരിക്കുകയും പ്രഘോഷിക്കുകയും ചെയ്യണം.

ആദിമ ക്രൈസ്തവരിൽ യഹൂദ പശ്ചാത്തലമുായിരുന്നവർ പെസഹാ ആചരിച്ചിരുന്നുവെങ്കിലും ഈസ്റ്റർ ആചരിച്ചിരുന്നില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു. ഈ വസ്തുതയോടു അനുബന്ധിച്ച് ശ്രദ്ധേയമാണ് എൻസൈക്ളോപ്പീഡിയാ ബ്രിട്ടാണിക്കായിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ.

'പുതിയ നിയമത്തിലൊ സഭാ പിതാക്കന്മാരുടെ രചനകളിലൊ ഈസ്റ്റർ ആഘോഷിച്ചിരുന്നതായി എന്തെങ്കിലും സൂചനകളില്ല...ആദിമ ക്രൈസ്തവവിശ്വാസികൾ യെഹൂദന്മാരുടെ ഉത്സവങ്ങൾ ആചരിച്ചിരുന്നത്, ആ ഉത്സവങ്ങൾ സൂചന നൽകിയിരുന്ന ഭാവികാല സംഭവങ്ങളുടെ അനുസ്മരണമെന്ന നിലയിലാണ്... ക്രിസ്തുവാണ് യഥാർത്ഥ പെസഹാക്കുഞ്ഞാടെന്ന നവീന ആശയം പെസഹയോടു ബന്ധിപ്പിക്കുകയും, ആ നിലയിൽ പ്രസ്തുത ഉത്സവം (ആദിമ ക്രൈസ്തവവിശ്വാസികൾ) ആചരിക്കുകയും ചെയ്തു'.

ആദിമ നൂറ്റാണ്ടിൽ ജാതികളിൽ നിന്നും ക്രൈസ്തവമാർഗ്ഗത്തിലേക്കു വന്ന വിശ്വാസികളേക്കുറിച്ച് എൻസൈക്ളോപീഡിയ ബ്രിട്ടാണിക്കയിലെ പരാമർശം ശ്രദ്ധേയമാണ്.

'യെഹൂദ ആചാരങ്ങളിൽ നിന്നും അകലം പാലിച്ചിരുന്ന (ജാതീയ പശ്ചാത്തലങ്ങളിൽ നിന്നും മുമ്പോട്ടു വന്ന ക്രൈസ്തവ വിശ്വാസികൾ മാസത്തിന്റെ ഏതു ദിവസമാണെന്നുള്ള വസ്തുത കണക്കിലെടുക്കാതെ ആഴ്ചയുടെ ഒന്നാം ദിനമായ ഞായറാഴ്ച (ക്രിസ്തുവിന്റെ) പുനരുത്ഥാനത്തേയും വെള്ളിയാഴ്ച തന്റെ ക്രൂശ് മരണത്തേയും അനുസ്മരിക്കുവാൻ ആരംഭിച്ചു'.

World Almanac ൽ നിന്നുമൊരു ഭാഗം ഉദ്ധരിക്കട്ടെ.

'ക്രിസ്തുവിനു പിമ്പ് രണ്ടാം ശതാബ്ദത്തിൽ ഏഷ്യാ മൈനറിൽ ജീവിച്ചിരുന്ന ക്രൈസ്തവ വിശ്വാസികൾ യെഹൂദരുടെ സിവിൽ കലണ്ടറിൻ പ്രകാരം...നിസ്സാൻ (ആബീബ്) മാസം 14-ാം തീയതിയാണ് ക്രിസ്തുവിന്റെ ഉയർപ്പുദിനമായി ആചരിച്ചിരുന്നത്'. ഏഷ്യാമൈനറിലെ ക്രൈസ്തവ സഭകൾ എന്ന് ഈ ഉദ്ധരണിയിൽ പരാമർശിച്ചിരിക്കുന്നത് ഫിലിപ്പി, കൊലോസ്സ്യ, ഗലാത്യ തുടങ്ങിയ ദേശങ്ങളിൽ പൗലോസ് സ്ഥാപിച്ച സഭകളെയാണ്. ദിവസങ്ങളും മാസങ്ങളും ആണ്ടുകളുമൊക്കെ ആഘോഷിക്കുന്നതിൽ ആവേശം കൊണ്ടിരുന്ന ഗലാത്യ സഭയിലെ വിശ്വാസികൾക്ക് ശക്തമായ ഭാഷയിൽ തന്നെ പൗലോസ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്(ഗലാ.4:9,10). നിസ്സാൻ മാസം 14-ാം തീയതി ഈസ്റ്റർ ദിവസമല്ല, പെസഹക്കുഞ്ഞാടിനെ അറുത്ത ദിവസമാണ്.

അപ്പൊസ്തലന്മാരും ആദിമ നൂറ്റാണ്ടിലെ ക്രൈസ്തവ വിശ്വാസികളും ഈസ്റ്റർ ആഘോഷിച്ചിരുന്നില്ല എന്നത് വസ്തുതകളിൽ അധിഷ്ഠിതമായ യാഥാർത്ഥ്യമാണ്.

**സ്വതന്ത്ര മലയാള പരിഭാഷ തയ്യാറാക്കിയത് പാസ്റ്റർ തോമസ് സാമുവൽ (യു.എസ്.എ)**

തക്കി തുണ
HH Matrimonial

Proposal invited for Pentecostal GIRL, 27 years, BTech qualified (EC), 172cm Height, from Kerala;
Contact: **0091 94973 15504**

Pentecostal parents invite proposals for their son (31,H-168) MBA in finance, working in Bengaluru.
Contact: **0091 99451 38147**
**0091 90080 49385**
**M4 marry ID-4234909.**

Pentecostal parents of girl (25/168 cm) MBBS Doctor, seeks suitable proposal from born again Pentecostal boys
Contact: **.+973 39136490**
**(Bahrain)**
**shalomserah@gmail.com**

# "ബിഹാർ മിഷൻ" – Vision & Mission

2010 ഏപ്രിൽ മാസം ബീഹാറിൽ നളന്ദാ ഡിസ്ട്രിക്കിൽ ബീഹാർഫെറിഫ് എന്ന സ്ഥലത്ത് സുവിശേഷവുമായിട്ട് ഹിന്ദി അറിയാതിരുന്നിട്ടും ഹിന്ദിക്കാരുടെ ഇടയിലേക്ക് വരുവാൻ തക്കവണ്ണം ദൈവസ്നേഹം ഇടയാക്കി.

അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന സകലഭാഷകളുടേയും ഉടമയായ കർത്താവ് അത്ഭുതകരമായ രീതിയിൽ ചുരുങ്ങിയ സമയംകൊണ്ട് വലിയൊരു വളർച്ച ദൈവവേലയുടെ എല്ലാതലങ്ങളിലും തരുവാനിടയായി. 150-ൽപ്പരം വേലസ്ഥലങ്ങളും 43-ൽപ്പരം കുഞ്ഞുങ്ങളുള്ള ഓർഫണേജും പലയിടങ്ങളിലായി നടന്നുവരുന്ന ട്രയിനിംഗ് സ്ക്കൂൾ, എഡ്യൂക്കേഷണൽ സ്ക്കൂൾ അങ്ങനെ വലിയ ദൈവപ്രവൃത്തി നാളിതുവരെ നടന്നുവരുന്നു. കൂടാതെ എല്ലാ മാസങ്ങളിലും സ്നാനശുശ്രൂഷ നടക്കുന്നു. പ്രത്യേകിച്ച് കഴിഞ്ഞ വർഷം ആയിരത്തിലധികം പേർ സ്നാനപ്പെട്ട് ദൈവസഭയോടു ചേരുവാനിടയായി. ഈ വർഷം ഇതുവരെ 700 ലധികം സ്നാനങ്ങൾ നടന്നുകഴിഞ്ഞു. അകത്തും പുറത്തും പ്രതികൂലങ്ങൾ വർദ്ധിച്ചിട്ടും ഞങ്ങളെ ഇവിടെ നിൽക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകം ദൈവം ആത്മാക്കളെ തരുന്നു എന്നുള്ളതാണ്.









ഷാർജയിൽ ചർച്ച് പാസ്റ്റർ ആയും ബൈബിൾ കോളേജ് അദ്ധ്യാപകനായും സേവനമനുഷ്ഠിക്കുന്ന സമയത്താണ് ദൈവത്തിന്റെ ആത്മാവ് സുവിശേഷം ഇതുവരേയും എത്തിയിട്ടില്ലാത്തിടത്ത് സുവിശേഷവുമായി പോകുവാൻ പറഞ്ഞത്. ഈ ദേശത്ത് ദൈവം ഞങ്ങളെ വീണ്ടും സ്വർഗീയഅധികാരത്തോടെ ശുശ്രൂഷിപ്പാൻ ശക്തീകരിപ്പാൻ വായനക്കാരുടെ പ്രാർത്ഥന ചോദിക്കുന്നു.

## മിഷൻ ആന്റ് വിഷൻ

46000 ഗ്രാമങ്ങൾ ബീഹാറിലുണ്ട്. അതിൽ 20000-ൽപ്പരം ഗ്രാമങ്ങളിൽ ഇന്നും സുവിശേഷം എത്തിയിട്ടില്ല. സുവിശേഷകന്മാർ എല്ലാ ഗ്രാമങ്ങളിലും എത്തപ്പെടുവാൻ ദൈവമക്കൾ പ്രാർത്ഥിക്കണം. കാലത്തിന്റെ അവസാനനാളുകൾ അടുത്തിരിക്കുന്ന ഈ സമയത്ത് നമുക്ക് ഒരുമിച്ച് കരങ്ങളെ കോർത്തുപിടിക്കാം, ദൈവരാജ്യവ്യാപ്തിക്കായി പ്രവർത്തിക്കാം.

അപ്പനാൽ നിയോഗിക്കപ്പെട്ട ദൗത്യത്തിനായി ഇറങ്ങിതിരിച്ച് യോസേഫ്, തന്റെ വഴിയാത്രയിൽ അലഞ്ഞുതിരിയുന്ന അവസ്ഥ. അത് കണ്ട ഒരു വ്യക്തി അവന്റെ ആവശ്യത്തെ അന്വേഷിച്ച് താൻ കേട്ടത് യോസേഫിനോട് പറഞ്ഞു കൊടുക്കുന്നതായും ആ കിട്ടിയ അറിവ് യോസേഫിൽ തന്റെ പിതാവ് ഏൽപ്പിച്ച ദൗത്യവും അതിലുപരി ദൈവീക വാഗ്ദത്ത പ്രവേശനവും നടക്കുന്നതായി കാണാം (ഉൽ.37:4-17).



Pr. Alex Jacob Sis. Anu Alex

ഈ ലോകത്തിലേക്ക് ജനിച്ചു വീഴുന്ന ഓരോ വ്യക്തിയും വ്യക്തമായ ദൗത്യത്തോടെയാണ് വരുന്നത് എന്നാൽ ലോകത്തിന്റെ മോഹങ്ങളിലും സുഖങ്ങളിലും സ്വാർത്ഥതകളിലും പെട്ടിട്ട് പലപ്പോഴും ദൗത്യനിർവ്വഹണം നടക്കാതെ പോകുന്നു. കർത്താവായ യേശുവിലൂടെ ലഭിക്കുന്ന നിത്യരക്ഷയ്ക്കായ് സകലരേയും ദൈവം വിളിച്ചിരിക്കുന്നു. യോസേഫിന്റെ സ്ഥാനത്ത് യേശുക്രിസ്തുവിനെ അറിയാത്ത ഒരു വ്യക്തിയേയും അപരിചിതന്റെ സ്ഥാനത്ത് സുവിശേഷം കേട്ട നമ്മെയും നിർത്തി ചിന്തിച്ചാൽ ലോകമനുഷ്യരെല്ലാം തങ്ങളിൽ ജീവശ്വാസം നൽകിയ ദൈവത്തെ അന്വേഷിക്കുന്നു. അതിനായി പല വഴികൾ തേടുന്നു. എന്നാൽ സത്യസുവിശേഷത്തിന്റെ വെളിച്ചം പ്രാപിച്ച നാമോ ? ആ അപരിചിതന്റെ പേര് ബൈബിളിൽ ഒരിടത്തുപോലും രേഖപ്പെടുത്തിയിട്ടില്ല, പക്ഷേ താൻ ചെയ്ത പ്രവർത്തി പ്രശംസനീയമാണ്. അന്വേഷിക്കുന്നു എന്ന് മനസിലാക്കിയ വ്യക്തിയെ അങ്ങോട്ട് ചെന്ന് താൻ കേട്ടതും കണ്ടതും മനസിലാക്കിയതുമായ കാര്യങ്ങൾ പറഞ്ഞു കൊടുപ്പാൻ മനസുകാണിച്ചു. ഈ അപരിചിതൻ ലഭിച്ച ദർശനം പറയേണ്ട സമയത്ത്, പറയേണ്ട സ്ഥലത്ത്, പറയേണ്ട വ്യക്തിയോടു വഴി പറഞ്ഞു കൊടുത്തപ്പോൾ, 'He is the right person in the right time, in the right place with the right purpose' ഇതാണ് ദൈവം നമ്മെക്കുറിച്ചും ആഗ്രഹിക്കുന്നത് ശരിയായ സമയത്ത് സത്യത്തെ മറ്റുള്ളവരോട് അറിയിക്കുവാൻ നമ്മുടെ പങ്ക് ( ഈ അവസാന നാളുകളിൽ പ്രതികൂലങ്ങൾ ഉയർന്നുകൊണ്ടിരിക്കുമ്പോൾ) തിരിച്ചറിഞ്ഞ് ഉണർന്നു പ്രവർത്തിപ്പാൻ, നമുക്ക് പോകുവാൻ കഴിയാത്തിടത്ത് മിഷണറിമാരെ അയയ്ക്കുവാൻ, ഗ്രാമങ്ങൾ അഡോപ്റ്റ് ചെയ്യുവാൻ ഒക്കെ ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിറുത്തുന്നു.

***കുടുതൽ വിവരങ്ങൾക്ക്***
***0091 966 111 6558***
***(പാസ്റ്റർ അലക്സ് ജേക്കബ്)***




# He Knew..... or did he?

Sam John

The song ended in a crescendo. The choir master looked at Joe and gave a smile of satisfaction. It was perfect. Joe had that casual expression on his face as he adjusted his spectacles – he knew it. Just another performance at the church piano. Just the song before the message!

Joe stood up and sat next to Peter where the "lower mortals" sat. They had been in the choir from when they could remember. Peter sent thumbs up from his mobile and Joe winked in response. His part was over. Now he just needed to get through the message. He looked over to see Mercy in the front rows where the girls sat. A short exchange of the blinks and she turned to make sure that no one saw. Joe had the talent, the looks, the intelligence and more importantly he had the reputation that protected who he really was. The elder's son had everything made – he knew it.

As the missionary got onto the pulpit, Joe's thoughts started flowing wildly. "Just like our 'KARADI' sir.", he thought, as he surveyed the thick lock of hair on the missionaries arms and face. He contemplated whether to call him KARADI 2 or how about MAMMOTH. The missionary opened with a prayer and moved on to thank the church for their support and went on to narrate a few stories from the field. The usual opening pitch! Joe had heard it before – he knew it. "I have been praying for this church that all of you will come to a true saving knowledge of the Lord Jesus Christ". "This guy knows how to catch the crowd", Joe thought. "Especially these young men and women of God....that they would be saved from the perversion of this world", he continued. A tear rolled down the missionary's eye.

The missionary launched into his message. "Our bodies are the temple of the Living God.", thundered the preacher. It didn't seem to impact Joe. 1 Corinthians 6:19 – he knew the verses by heart and that was that. "You can be whoever you are but if you are destroying the temple of God, He will hold you accountable." As he said this, the preacher swiveled in the pulpit, he appeared to point his finger at Joe and said "You can't fool Him........You might be a saint outside but if your temple is filled with filth, then you need to get right with God." His eyes seemed to pierce through Joe's heart and the words cut his spirit like a sword. This is not normal. There's something wrong. He was stronger than this, he knew it.

"He knows where you have been, what you have seen............ none of your thoughts are hidden from him." Suddenly the computer screen flashed in front of him – the websites that he had visited in the dark of the night. The videos that were forwarded to his mobile seemed to dance around his head. Surely no one knew about that! He knew that...........that is till this very moment. "Nothing in all creation is hidden from God's sight is what the author of Hebrews says." Till a second ago these were just words. Now the searing holy eyes of the Divine Being into the depth of his heart felt very heavy. The tears could no longer be withheld. "Repent......now.....

He is waiting for you like the Father who waited so expectantly for his wayward to come back. Don't be like the outwardly good son who stood outside in spite of his father's outstretched arms."

Joe could hold back no longer. Tears flowed down his cheeks and drenched his neatly ironed red and white choir robes. Peter wondered what was wrong with Joe. Mercy didn't get her usual wink from Joe. "Is there anyone who needs to get right with God? Now is the time to stand up and confess your sins." The wind blows wherever it pleases. Joe stood up and every gaze seemed to be on sobbing Joe. Mercy's jaw dropped. Peter let out a gasp. But Joe couldn't feel the piercing eyes over the wound that that Spirit Sword has made on his black heart. He walked straight to the preacher, whose words seemed to have vanished. Joe knelt down next to the pulpit and wept placing his hands in the preacher's. The silence seemed to last forever.

